(b) Written Answers

കർഷകത്തൊഴിലാളി പുനരധിവാസ പദ്ധതി

* 32. [54] ശ്രീ. എം. കെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ കർഷകത്തൊഴിലാളികളെ കർഷകത്തൊഴിലാളി പുനരധിവാസ പദ്ധതി അനുസരിച്ച് പുനരധിവസിപ്പിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം പ്രദേശത്തിൽ എത്രപേർവീതം.

(സി) ഇവർക്ക് ഏതെല്ലാം സഹായങ്ങളാണ് ഗവണ്മെന്റ് ചെയ്തുകൊടുത്തിട്ടുള്ളത് ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം, കണ്ണൂർ എന്നീ ജില്ലകളിൽ ഭൂരഹിതരായ കർഷകത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ മുമ്പുതന്നെ ആരംഭിച്ചിരുന്ന പുനരധിവാസ പദ്ധതി തുടർന്നു വരുന്നു.

(ബി) ഓരോ ജില്ലയിലും പുനരധിവസിപ്പിച്ച കുടുംബങ്ങളുടെ കണക്ക് താഴെ ചേർക്കുന്നു:

ജില്ല	1967-68	1968-69	ആകെ
കണ്ണൂർ	50	87	137
തൃശ്ശൂർ	94	253	347
എറണാകുളം	152	263	415
ആലപ്പുഴ	68	197	265
കോട്ടയം		116	116
തിരുവനന്തപുരം		216	216
	364	1132	1496

(സി) മേല്പറഞ്ഞ പദ്ധതിയനുസരിച്ച് ഓരോ കുടുംബത്തിനും നാലേക്കർ വരെ ഭൂമി പതിച്ചുകിട്ടും. ഈ ഭൂമിയിൽ അധിവാസം തുടങ്ങുന്നതിനുള്ള ചെലവുകൾക്കായി 825 രൂപ ഗ്രാന്റായും 175 രൂപ വായ്പയായും ലഭിക്കുന്നുണ്ട്. ഈ തുകതാഴെപ്പറയുന്ന കാര്യങ്ങൾക്കുവേണ്ടിയാണ്. മണ്ണുസംരക്ഷണത്തിനും, പുരയിടത്തിന്റെ അതിരുകൾ നിർണ്ണയിക്കുന്നതിനും 300 രൂപ, പാർപ്പിടമുണ്ടാക്കുന്നതിന് 400 രൂപ (300 രൂപ ഗ്രാന്റും 100 രൂപ വായ്പയും) പുനരധിവാസത്തിനുള്ള പ്രാരംഭ ചെലവുകൾക്ക് 300 രൂപ (225 രൂപ ഗ്രാന്റും 75 രൂപ വായ്പയും) പുറമ്പോക്കു ഭൂമികളിലെ അനധികൃത കൈവശക്കാർക്ക് ഈ പദ്ധതിയനുസരിച്ച് സഹായം നൽകുമ്പോൾ യഥാർത്ഥത്തിൽ ആവശ്യമായ കാര്യങ്ങൾക്കായി ധനസഹായം ക്രിയപ്പെടുത്താറുണ്ട്.

ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മിഷൻ

* 33. [78] ശ്രീ. എം. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മിഷന്റെ പദവിയും അധികാരങ്ങളും എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly